LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പാകടിശ്ശിക എഴുതിത്തള്ളുന്നതിന് പദ്ധതി

47 (1518) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുടെ കടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര പേരുടെ വായ്പാ കടിശ്ശിക ഇതുവരെ എഴുതിത്തള്ളിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവിന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ വായ്പക്ക് പലിശ ഇളവ് നൽകുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്ര തുക കൈമാറി; അതിൽ ബാങ്കുകൾക്ക് എത്ര തുക നൽകി എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പയുടെ കടിശ്ശിക എഴുതിത്തള്ളുന്നതിന് സംസ്ഥാന സർക്കാർ/ബാങ്കുകൾ ഒരു സ്കീമും ആവിഷ്കരിച്ചിട്ടില്ല.

(സി) ഉണ്ട്. 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഐ.ബി.എ. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന് വിദ്യാഭ്യാസ വായ്പ എടുത്ത ബി.പി.എൽ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ കാലയളവിൽ പലിശ സബ്സിഡി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു സ്കീം ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം ജില്ലാ കളക്ടർമാർ അപേക്ഷ സ്വീകരിച്ച് അനുവദനീയമായ തുക കണക്കാക്കി ഫണ്ട് അനുവദിക്കുന്നതിന് നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ കളക്ടർമാർ മുഖാന്തരം വിദ്യാർത്ഥികളുടെ ലോൺ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിയും നിലവിലുണ്ട്.

(ഡി) കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡി പ്രകാരം കേന്ദ്ര സർക്കാർ ബാങ്കുകൾക്ക് പലിശ സബ്സിഡി നൽകിയിട്ടുണ്ട്. നൽകിയ തുക സംബന്ധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

വർഷം	നൽകിയ തുക
2009-10	46,68,66,297
2010-11	1,44,04,38,477
2011-12	2,74,18,27,249
2012-13	3,92,15,29,707
2013-14	3,76,97,79,604

കേന്ദ്രാവിഷ്കൃത പദ്ധതികൾ

48 (1519) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; അതിൽ എത്ര തുക ഒക്ടോബർ 31 വരെ ചെലവാക്കി; വകുപ്പ് തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു ; എത്ര തുക ഓരോ വകുപ്പും ചെലവാക്കി ; എത്ര തുക lapsായി ; എത്ര തുക വക മാറ്റി ചെലവാക്കി ; വ്യക്തമാക്കുമോ ;

(സി) 2011-12 വർഷം മുതൽ നടപ്പുസാമ്പത്തിക വർഷം വരെ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറവ് വന്നിട്ടുണ്ടോ ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; കുറവ് വന്നിട്ടുണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം 1233.81 കോടി രൂപ സംസ്ഥാനത്തിന് റിലീസ് ചെയ്തിട്ടുണ്ട്. 31-10-2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം 1888.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വകുപ്പുതിരിച്ച കണക്ക് അനുബന്ധമായി നൽകുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2011-12 വർഷം മുതൽ 2015-16 വരെ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറവ് വന്നിട്ടില്ല. വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly